ഞ്ഞതാണ്. നിയമപ്രകാരമേ ആളെ എടുക്കാവൂ. ജോലി ശരിക്കു ചെയ്യാൻ ഏററവും കഴിവുള്ള ആളെയേ എടുക്കേണ്ടൂ. എന്നാൽ, ശരി.'

ത്രിഭാഷാപദ്ധതിയനുസരിച്ച ഹിന്ദി സംസ്ഥാനങ്ങളിലെ സെക്കൻഡറി സ്ക്കൂളുകളിൽ ഏതെങ്കിലുമൊരു ദക്ഷിണേന്ത്യൻ ഭാഷ പഠിപ്പിക്കുന്നതിന്റെ മുഴുവൻ ചെലവും കേന്ദ്രഗവണ്മെൻറ് വഹിക്കുമെന്ന ഒരു തീരുമാനം 1960—കളിൽ ഉണ്ടായി. ഇതിനെപ്പററി അറിഞ്ഞപ്പോൾ, സ്ക്കൂളുകളിൽ മലയാളം പഠിപ്പിക്കാൻ ആവശ്യമായത്ര അദ്ധ്യാപകരെ ഭാഷാ ഇൻസ്റ്റിട്യൂട്ടിന്റെ നേതൃത്വത്തിൽ പരിശീലിപ്പിച്ച് അയയ്ക്കാമെന്നു ഞാൻ ഹിന്ദി സംസ്ഥാനങ്ങൾക്ക് എഴുതി അയച്ചു. രാജസ്ഥാൻ ഗവണ്മെൻറ് മാത്രമാണ് ഈ വിഷയത്തിൽ അല്പമെങ്കിലും താല്പര്യം കാണിച്ചതു്. ഹിന്ദിയിൽ എം. എ. ബിരുദം നേടിയ കേരളീയരെ, മലയാളഭാഷാദ്ധ്യാപനത്തിൽ പ്രത്യേക പരിശീലനം നൽകി മലയാളാദ്ധ്യാപകരാക്കി അയയ്ക്കുകയായിരുന്നു ഞാൻ നിർദേശിച്ച പരിപാടി. ഇവർക്കു സാധാരണ അദ്ധ്യാപകരുടെ ശമ്പളവും, മറുനാട്ടിൽ സേവനം അനുഷ്ഠിക്കുന്നതിനു പ്രത്യേകമായി ഒരു അലവൻസും നൽകണം. ഇതു സംബന്ധിച്ച കത്തിടപാടുകളുടെ കോപ്പി ഞാൻ കേരളാഗവണ്മെൻറിന്റെ വിദ്യാഭ്യാസവകുപ്പിലേക്കും അപ്പഴപ്പോൾ അയച്ചിരുന്നു.

സർക്കാരിന്റെ അനുവാദമില്ലാതെ ഭാഷാ ഇൻസ്റ്റിററ്യൂട്ട് ഡയറക്ടർ സ്വമേധയാ മററു സ്റ്റേററുകളുമായി കത്തിടപാടുകൾ നടത്തുകയാണെന്നും ഇതു തടയണമെന്നും കാണിച്ച് ഒരു കുറിപ്പ് വിദ്യാഭ്യാസ സെക്രട്ടറി വിദ്യാഭ്യാസമന്ത്രിക്ക് അയച്ചു. കുറെ ദിവസം കഴിഞ്ഞ് സെക്രട്ടേറിയേററിൽ ചെന്നപ്പോൾ, ഈ ഫയൽ എനിക്കു കാണിച്ചുതന്നു. ഇങ്ങനെ ഒരു പ്രതികരണം ഞാൻ പ്രതീക്ഷിച്ചിരുന്നില്ല. 'സ്വമേധയാ' പ്രവർത്തിക്കുവാൻ വേണ്ടിയാണ് എന്നെ ഭാഷാ ഇൻസ്റ്റിററ്യൂട്ടിന്റെ ചുമതല ഏല്പിച്ചതു് എന്നായിരുന്നു എന്റെ വിചാരം. അതു ഞാൻ തുറന്നു പറയുകയും ചെയ്തു.

'ഇതിനു ഞാൻ ഉത്തരമെഴുതണമോ?' ഞാൻ ചോദിച്ചു.

'വേണ്ട. വെറുതെ കാണിച്ചു എന്നേയുള്ളു. കണ്ട കാര്യം ആരോടും പറയേണ്ട.'

അതായിരുന്നു സി. എച്ച്. മുഹമ്മദ്കോയ എന്ന മനുഷ്യൻ.

(6 ഒക്ടോബർ, 1983)

## 120. ഡോക്ടർ എസ്. കെ. നായർ

കേരളത്തിന്റെ സാഹിത്യ—കലാ—വിദ്യാഭ്യാസ—സാംസ്കാരിക—സാമൂഹ്യ അന്തരീക്ഷത്തിൽ പ്രകാശവും മാധുര്യവും ചൊരിഞ്ഞു നിന്നിരുന്ന ഒരു താരത്തിന്റെ അസ്തമയത്തിന് നവവർഷാരംഭം സാക്ഷ്യം വഹിച്ചു. ജനുവരി രണ്ടാം തീയതി രാത്രി ഡോ.എസ്. കെ. നായർ മദ്രാസിലുള്ള സ്വന്തം വീട്ടിൽവെച്ച് ഹൃദ്രോഗംമൂലം അന്തരിച്ചു.

മുപ്പതു വർഷങ്ങളോളം അദ്ദേഹം മദ്രാസ് സർവകലാശാലയിലെ മലയാളവിഭാഗത്തിൽ പ്രവർത്തിച്ചു. 'കാവ്യജീവിതവൃത്തി'പോലുള്ള പ്രൗഢഗ്രന്ഥങ്ങൾ രചിച്ച പണ്ഡിതനായ ശിരോമണി പി. കൃഷ്ണൻനായരുടെ ഒഴിവിലാണ് അദ്ദേഹം സർവകലാശാലയിൽ ഉദ്യോഗസ്ഥനായതു്. പിന്നീട്, 'വടക്കൻപാട്ടുകൾ', 'കേരളത്തിലെ കാളീസേവ' മുതലായ സരളഗ്രന്ഥങ്ങളുടെ പ്രസാധകനായ ഡോ. ചേലനാട്ട് അച്യുത

മേനോൻെറ നിര്യാണത്തെത്തുടർന്ന്, 1952–ൽ അദ്ദേഹം അവിടെ മലയാളവകുപ്പിൻെറ അദ്ധ്യക്ഷനായി. തൻെറ രണ്ടു മുൻഗാമികളിൽ, കൃഷ്ണൻനായരുടെ പാണ്ഡിത്യമാർഗമായിരുന്നില്ല, അച്യുതമേനോൻെറ ജനകീയമാർഗമായിരുന്നു എസ്. കെ. നായർ തിരഞ്ഞെടുത്തതു്. അദ്ദേഹത്തിൻെറ അമ്പതോളംവരുന്ന കൃതികളിൽ നാം കാണുക, ക്ലാസ്സുമുറിയിലെ അധൃഷ്യനായ ആചാര്യനെയല്ല, സ്വീകരണമുറിയിലിരുന്നു സരസമായി സംസാരിക്കുന്ന സുഹൃത്തിനെയാണ്. തനിക്കു പരിചിതരായ ഏതാനും സാഹിത്യകാരന്മാരുടെ തൂലികാചിത്രങ്ങളുടെ സമാഹാരമായി പുറത്തിറക്കിയ തൻെറ ആദ്യകാലകൃതികളിലൊന്നിനു് എസ്. കെ. നൽകിയ 'നർമസല്ലാപ'മെന്ന പേരു് അദ്ദേഹത്തിൻെറ കൃതിസമുച്ചയത്തിനു മുഴുവൻ യോജിക്കും. എസ്. കെ. നായരുടെ പിഎച്ച്.ഡി. പ്രബന്ധംപോലും (ഇംഗ്ലീഷിലായിരുന്ന ഇതിൻെറ വിവർത്തനം. 'കേരളത്തിലെ നാടോടിനാടകങ്ങൾ' എന്ന പേരിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.) ഇപ്പറഞ്ഞതിനു് അപവാദമായിരുന്നില്ല. ഡോ. നായരുടെ ഏററവും മികച്ച സംഭാവനയെന്ന്, ഒരുപക്ഷേ, പിൽക്കാലത്തു വിവരിക്കപ്പെടാവുന്ന കമ്പരാമായണവിവർത്തനവും, മൂലകൃതിയുടെ ഗംഭീരത ഇരിക്കെത്തന്നെ, പ്രസാദംകൊണ്ടും മാധുര്യംകൊണ്ടും, ജനകീയതയുടെ തലത്തെ സമീപിക്കുന്നുണ്ട്.

സഹഗവേഷകനും സുഹൃത്തുമെന്ന നിലയിൽ ഡോ. നായരുമായി ആയുഷ്കാലബന്ധമുള്ള എനിക്കു് അദ്ദേഹത്തെപ്പററി ഓർക്കുമ്പോൾ ഉടൻ മുന്നിൽ വരുന്നതു് നർമദീപ്തങ്ങളായ അദ്ദേഹത്തിൻെറ സല്ലാപരംഗങ്ങളാണ്. അല്പം നിമിഷങ്ങൾക്കകം ആരെയും ആകർഷിക്കുവാൻ ഈ സംഭാഷണചതുരത സാധിച്ചിരുന്നു. ജീവിതത്തിൽ അധികസമയവും അദ്ദേഹം സംസാരത്തിനുവേണ്ടി നീക്കിവെച്ചിരുന്നതായാണ് എനിക്കു തോന്നിയിട്ടുള്ളതു്. ഒരിക്കലും മടുപ്പിക്കുന്നതായിരുന്നില്ല, ഏതു വിഷയത്തെക്കുറിച്ചായാലും, അദ്ദേഹത്തിൻെറ സംഭാഷണം. പ്രതിഭയുടെ അസാധാരണങ്ങളായ മിന്നലാട്ടങ്ങൾ ഈ സംഭാഷത്തിൽ എപ്പോഴും മഴവിൽപ്രഭ ഇണക്കിച്ചേർത്തിരുന്നു. ഈ സല്ലാപങ്ങളിൽ പങ്കാളിയാവുക—അതായതു്, ഇരുന്നു് അവ കേൾക്കുക; കാരണം, അങ്ങോട്ടു നിങ്ങൾ അധികമൊന്നും പറയേണ്ടിവരികയില്ല—എന്നതു് അവിസ്മരണീയമായ ഒരു കലാസ്വാദനാനുഭവമായിരുന്നു.

പ്രതിഭയെപ്പററി പറഞ്ഞുവല്ലോ? 'പ്രത്യുല്പന്നമതിത്വം' എന്നു പ്രതിഭയെ നിർവചിക്കാമെങ്കിൽ ഡോ. നായർ പ്രതിഭാകുബേരനായിരുന്നു. വേണ്ടതു വേണ്ട സമയത്തു വേണ്ട വിധത്തിൽ അദ്ദേഹത്തിൻെറ നാവിൽ തെളിഞ്ഞിരുന്നു. ഒരു ഉദാഹരണം പറയാം. മദ്രാസ് നഗരത്തിലെ രാജാജിഹാളിൽ, അന്നേക്കു വയോവൃദ്ധനായിക്കഴിഞ്ഞിരുന്ന ഇ. വി. രാമസ്വാമിനായ്ക്കരെ അനുമോദിക്കുവാൻ ഒരു മഹായോഗം ചേർന്നിരിക്കുകയാണ്. തമിഴ്നാട്ടിലെ പ്രമുഖ വിദ്വാന്മാരും, പ്രശസ്ത വാഗ്മികളും, കരുണാനിധി, എം. ജി. രാമചന്ദ്രൻ മുതലായ രാഷ്ട്രീയനേതാക്കളും എല്ലാം പ്രസംഗവേദിയിലുണ്ട്. കേരളത്തെ പ്രതിനിധാനംചെയ്തു പ്രസംഗിക്കാൻ എസ്. കെ.യേയും ക്ഷണിച്ചിരിക്കുന്നു. രാവിലെ തുടങ്ങിയ പ്രശംസാപ്രസംഗങ്ങൾ മദ്ധ്യാഹ്നത്തിൻെറ അതിർത്തി ലംഘിച്ചു നീണ്ടുപോകുന്നു. അരങ്ങു മുഷിഞ്ഞിരിക്കുന്നു. പ്രസംഗങ്ങൾക്കു വിഷയമായ രാമസ്വാമിനായ്ക്കർ ഒരു കസേരയിൽ വളഞ്ഞുകൂടി കണ്ണടച്ച്, ഉറങ്ങുന്നതുപോലെ ഇരിക്കുന്നു. ഇവിടെ താനെന്തു പ്രസംഗിക്കാനാണ് എന്നായിരുന്നു എസ്. കെ. യുടെ ചിന്ത. തൻെറ മലയാളിത്തമിഴ് ഉദ്ബുദ്ധമായ ഈ ചെന്തമിഴ് സദസ്സിനു പിടിക്കുമോ? അവർ കൂകിയും കൈകൊട്ടിയും തന്നെ ഇരുത്തുകയില്ലേ?

ചിന്ത ഒരു ലക്ഷ്യത്തിലേക്കും നീങ്ങാതെ വട്ടംകറങ്ങുന്നതിനിടയ്ക്ക് അദ്ധ്യക്ഷൻ എസ്. കെ. യെ പ്രസംഗത്തിനു ക്ഷണിച്ചു. എഴുന്നേററു നിന്ന് കൈകൂപ്പി 'തലൈവരെയും' 'പെരിയോർകളെ'യും സംബോധനചെയ്തശേഷം എസ്. കെ. പെട്ടെന്നു തോന്നിയ തിരുവള്ളുവരുടെ ഒരു കുറൾ ഉദ്ധരിച്ചു:

കുഴൽ ഇനിതു യാഴ് ഇനിതു എൻപ തം മക്കൾ
മഴലൈച്ചൊൽ കേളാതവർ.

(കുഴൽ മധുരമാണ്, വീണ മധുരമാണ് എന്നു പറയുന്നു, സ്വന്തം മക്കളുടെ കൊഞ്ചൽ കേൾക്കാത്തവർ.)

സദസ്യർക്കെല്ലാം അറിയാവുന്ന ഈ പദ്യശകലം ചൊല്ലിയശേഷം ഡോ. നായർ പറഞ്ഞു: 'കുഴലും വീണയുംപോലെ മധുരമായ തമിഴ് കേൾക്കുകയായിരുന്നു നിങ്ങൾ ഇതുവരെ. തമിഴിന്റെ മകളാണ് മലയാളം. ഇനി കുറച്ചുനേരം നിങ്ങൾ മകളുടെ മഴലച്ചൊല്ല് കേൾക്കുക.' ഹാളിൽ കുറേ നേരത്തേക്ക് ഇടി വെട്ടുംപോലെ കൈയടി മുഴങ്ങി. തുടന്ന്, വൈക്കം സത്യാഗ്രഹത്തിന് ഇ. വി. രാമസ്വാമിനായ്ക്കർ ചെയ്ത സേവനത്തെപ്പററി എസ്. കെ. മലയാളത്തിൽ ഒരു ചെറുപ്രസംഗം ചെയ്തു. പ്രസംഗിച്ചു നിർത്തിയപ്പോൾ എം. ജി. ആർ. എഴുന്നേററു ചെന്ന് അദ്ദേഹത്തെ നിറഞ്ഞ സദസ്സിൽവെച്ച് ആലിംഗനംചെയ്തു. കണ്ണടച്ചു ചുരുണ്ട് ഇരുന്നിരുന്ന രാമസ്വാമിനായ്ക്കർ നിവർന്നിരുന്ന് കണ്ണു തുറന്നു നോക്കി ചോദിച്ചു: 'ഇവൻ യാർ?'

ഈ പ്രത്യുല്പന്നബുദ്ധി എസ്. കെ.യ്ക്കു സഹജമായ ഒരു സിദ്ധിയായിരുന്നു.

ചങ്ങമ്പുഴയുടെ ശൈലിയിൽ കവിത എഴുതിക്കൊണ്ടാണ് എസ്. കെ. മലയാളസാഹിത്യരംഗത്തേക്കു കടന്നുവന്നതു്. പിന്നീട് അദ്ദേഹം റേഡിയോനാടകങ്ങളും ഉപന്യാസങ്ങളും കഥകളും നോവലുകളും യാത്രാവിവരണങ്ങളും ആത്മകഥാഖ്യാനങ്ങളും തിരക്കഥകളും നിരൂപണങ്ങളും ഒക്കെ എഴുതി. പദ്യരൂപത്തിൽ കമ്പരാമായണം മുഴുവൻ വിവർത്തനം ചെയ്തു. സാഹിത്യത്തിന്റെ മിക്ക വിഭാഗങ്ങളിലും കൃതഹസ്തതയോടെ പെരുമാറി. എങ്കിലും, നർമമധുരങ്ങളായ ലഘുപന്യാസങ്ങളുടെ ബലത്തിലാണ് അദ്ദേഹം മലയാളസാഹിത്യത്തിൽ എന്നും സ്മരിക്കപ്പെടുക എന്നു ഞാൻ കരുതുന്നു. മുമ്പു പറഞ്ഞതുപോലെ അദ്ദേഹത്തിന്റെ പ്രഥമഗണനീയമായ കൃതി കമ്പരാമായണവിവർത്തനം ആയേക്കാമെങ്കിലും.

ജന്മനാ ഒരു നർത്തകനായിരുന്നു എസ്. കെ. ഗവേഷണവിദ്യാർത്ഥിയായി ആയിരത്തിത്തൊള്ളായിരത്തി നാല്പതുകളിൽ മദ്രാസിൽ എത്തിയ എസ്. കെ. അവിടത്തെ മലയാളികൾക്കിടയിൽ പെട്ടെന്നു പ്രസിദ്ധനായതു് കഥകളിയിലെ പൂതനാമോക്ഷരംഗത്തിന്റെ ആവർത്തിച്ചുള്ള അവതരണങ്ങളിലൂടെയാണ്. നൃത്തത്തിലെന്നപോലെ സംഗീതത്തിലും അഭിനയത്തിലും അദ്ദേഹത്തിനു താല്പര്യവും 'ഗ്രാഹ്യ'വും ഉണ്ടായിരുന്നു. കഥകളിപ്പഴമകൾ പറയാൻ തുടങ്ങിയാൽ എവിടെ അവസാനിപ്പിക്കണമെന്ന് എസ്. കെ. യ്ക്ക് അറിയുമായിരുന്നില്ല. ദക്ഷിണേന്ത്യയിലെ സമകാല നർത്തനവേദിയിലെ താരങ്ങളിൽ പലരും ആചാര്യകല്പനായാണ് ഡോ. നായരെ കണക്കാക്കിവന്നിരുന്നതു്. കലാവേദിയുമായുള്ള ഈ ബന്ധം നിമിത്തമാകാം, എത്രയോ കാലം മദ്രാസിലെ ഫിലിം സെൻസർ ബോർഡിൽ എസ്. കെ. ഒരു പ്രാമാണികാംഗമായിരുന്നു.

മദ്രാസ് സർവ്വകലാശാലയിലെ മലയാളവിഭാഗാദ്ധ്യക്ഷനെന്ന നിലയിൽ അദ്ദേഹത്തിന് ദക്ഷിണേന്ത്യയിലെ മിക്ക സർവകലാശാലകളുമായി ഉററ ബന്ധമുണ്ടായിരുന്നു. അദ്ധ്യാപകനിയമനം സംബന്ധിച്ച വിദഗ്ദ്ധ കമ്മിററികളിലും,പാഠ്യപുസ്തകങ്ങൾ തെരഞ്ഞെടുക്കുന്ന സമിതി

കളിലും, പരീക്ഷകരുടെ ബോർഡുകളിലും എല്ലാം ഡോ. നായർ ദീർഘകാലസേവനം അനുഷ്ഠിച്ചു. മദ്രാസ് സർവകലാശാലയിലെ മലയാളവിഭാഗത്തിൽ സാധാരണ വിദ്യാർത്ഥികൾക്കുള്ള എം. എ. ക്ലാസ്സുകൾ തുടങ്ങിയതു് അടുത്ത കാലത്തു മാത്രമാണു്. ഗവേഷണത്തിൽ മാത്രമായിരുന്നു മുമ്പു് അവിടെ ഊന്നൽ. എന്നിട്ടും, എസ്. കെ. യുടെ ശിഷ്യപദവി അവകാശപ്പെടുന്നവരും അതിൽ അഭിമാനിക്കുന്നവരും കേരളത്തിൽ എത്രയെങ്കിലുമുണ്ടു്.

കുടുംബത്തോടൊന്നിച്ചു് മദ്രാസിൽ പാർക്കുമ്പോഴും, കേരളത്തിലെ പ്രധാനപ്പെട്ട എല്ലാ സാംസ്കാരികസംഭവങ്ങളിലും എസ്. കെ. നായരുടെ സക്രിയസാന്നിദ്ധ്യം അനുഭവപ്പെട്ടിരുന്നു. സഞ്ചരിക്കുന്നതിൽ ആനന്ദം അനുഭവിച്ചിരുന്ന അദ്ദേഹത്തെ എവിടെയും കാണാമായിരുന്നു. രാഷ്ട്രീയത്തിൽ മാത്രമേ അദ്ദേഹം സജീവതാത്പര്യം പ്രദർശിപ്പിക്കാതിരുന്നുള്ളു. ജീവിതത്തിന്റെ മററു രംഗങ്ങളിലെല്ലാം തന്റേതായ സംഭാവന നൽകുന്നതിനു് അദ്ദേഹത്തിനു് എന്നും സന്തോഷമായിരുന്നു.

എത്ര ആളുകൾ എസ്. കെ. യുടെ സഹായസഹകരണങ്ങൾകൊണ്ടു പ്രയോജനം നേടിയിട്ടുണ്ടു് എന്നു പറയുക പ്രയാസമാണു്. മദ്രാസിൽ പ്രത്യേകിച്ചും ഡോ. സി. ആർ. കൃഷ്ണപിള്ളയുടെ നിര്യാണത്തിനുശേഷം, ഏതെങ്കിലും കാര്യവുമായി എത്തിപ്പെടുന്ന ഏതു മലയാളിയും സഹായത്തിനായി ആദ്യം സമീപിച്ചിരുന്നതു് എസ്. കെ. നായരെയാണു്. ഏതു പ്രശ്നവും ചെവിക്കൊള്ളാനും, ഏതെങ്കിലും വിധത്തിൽ ചില പരിഹാരങ്ങൾ നിർദേശിക്കാനും, അവ നേടുന്നതിൽ തന്റെ വരി നൽകാനും അദ്ദേഹം സദാ തല്പരനായിരുന്നു. കലാകാരന്മാരാണു് സഹായാഭ്യർത്ഥനയുമായി എത്തുന്നതെങ്കിൽ, സ്വന്തം ജോലി മുടക്കിയും അവരുടെ തുണയ്ക്കെത്തുവാൻ ഡോ. നായർ ഒരിക്കലും മടിച്ചിട്ടില്ല. മദ്രാസ് നഗരത്തിന്റെ വൈവിദ്ധ്യമേറിയ ജീവിതമണ്ഡലങ്ങളോടും, അവയിൽ ശക്തികേന്ദ്രങ്ങളായി നിലകൊണ്ടിരുന്ന വ്യക്തികളോടും, തനിക്കുണ്ടായിരുന്ന ദീർഘകാലബന്ധവും, അതിൽനിന്നു് ഉരുത്തിരിഞ്ഞ ജനസ്വാധീനവും, ആർക്കുവേണ്ടിയും ഉപയോഗപ്പെടുത്തുന്നതിൽ ഡോ. നായർ പൂർണമായും അഭിമാനിച്ചിരുന്നു.

എസ്. കെ. നായർ എന്റെ സതീർത്ഥ്യനായിരുന്നു. ഗവേഷണത്തിനുവേണ്ടി മദ്രാസ് സർവകലാശാലയിലെ മലയാളവിഭാഗത്തിൽ ഒരേ കാലത്തു്, തൊട്ടടുത്ത ദിവസങ്ങളിൽ, ചെന്നുചേർന്നപ്പോഴാണു് ഞങ്ങൾ തമ്മിൽ പരിചയപ്പെട്ടതു്. രണ്ടുപേരും തികച്ചും നിർദ്ധനരായിരുന്നു. ട്യൂഷനെടുത്തും, ചില്ലറ ജോലികൾ ചെയ്തും, റേഡിയോ നാടകങ്ങളിൽ അഭിനയിച്ചും, ലേഖനങ്ങളെഴുതിയും, മററും, നെററി വിയർത്തു വേണ്ടിയിരുന്നു ഞങ്ങൾക്കു് അന്നന്നത്തെ അപ്പത്തിനുള്ള വക കണ്ടെത്തുവാൻ. എഗ്മൂറിൽ സേഠ് കോളനി രണ്ടാംതെരുവിലുള്ള ഒരു മലയാളിലോഡ്ജിൽ, അതിന്റെ തലവനായിരുന്ന ശ്രീ വി. എൻ. നമ്പ്യാരുടെയും പാചകനായിരുന്ന ശ്രീ കുറുപ്പിന്റെയും ഔദാര്യപൂർണമായ സംരക്ഷണയിൽ ഞങ്ങൾ കഴിച്ചുകൂട്ടിയ നാളുകൾ, കഠിനമായ പ്രയത്നംകൊണ്ടെന്നപോലെ വൈവിധ്യമിയന്ന പ്രവർത്തനങ്ങൾകൊണ്ടും സ്മരണീയങ്ങളാണു്. 'ടെൻററി ഡി' എന്ന ഓമനപ്പേരിൽ ഞങ്ങൾ വിളിച്ചിരുന്ന ഈ ലോഡ്ജിൽ കേരളത്തിലെ സാഹിത്യ–രാഷ്ട്രീയ രംഗങ്ങളിലെ പല അതികായന്മാരും അന്നു് അതിഥികളായി വന്നു പാർത്തിട്ടുണ്ടു്.

മലയാളികൾക്കു് എന്തെങ്കിലും പങ്കുണ്ടായിരുന്ന മദ്രാസിലെ അന്നത്തെ എല്ലാ പൊതുപ്രവർത്തനങ്ങളിലും ഈ ലോഡ്ജിലെ അംഗങ്ങൾ സക്രിയമായി സഹകരിച്ചുവന്നു. ജോലി കിട്ടി ലോഡ്ജിൽനിന്നു വി

ട്ട്, സ്വന്തം വീടുണ്ടാക്കി, വലിയൊരു കുടുംബത്തോടെ അതിൽ പാർപ്പുറപ്പിച്ചശേഷവും ഈ പഴയ 'ലോഡ്ജ് പാരമ്പര്യം' ഡോ. എസ്. കെ. നായർ വ്യത്യസ്തപരിതഃസ്ഥിതിയിൽ, വ്യത്യസ്തശൈലിയിൽ, തുടർന്നുപോന്നു. സ്ഥിതിഭേദം അദ്ദേഹത്തിൽ അടിസ്ഥാനപരമായ പ്രകൃതിഭേദം ഉളവാക്കുകയുണ്ടായില്ലെന്നാണ് എന്റെ അനുഭവം. നാല്പതോളം വർഷങ്ങൾക്കുശേഷം, ഇപ്പോഴും അദ്ദേഹത്തെ കാണുമ്പോഴെല്ലാം ആ പഴയ ലോഡ്ജ് കാലഘട്ടം നൊടിയിടയിൽ തിരിച്ചുവരികയും, ഞങ്ങൾ പഴയ, എന്തിനുംപോന്നവരായ, എന്തിനും തയ്യാറായ ഗവേഷണവിദ്യാർത്ഥികളായി മാറുകയുംചെയ്യുമായിരുന്നു.

അകാലികവും തികച്ചും അപ്രതീക്ഷിതവുമായ എസ്. കെ. നായരുടെ ദേഹവിയോഗംമൂലം നഷ്ടബോധം അനുഭവപ്പെടാത്തവർ, കേരളത്തിലെ ഏതെങ്കിലുമൊരു പൊതുരംഗത്തിൽ പ്രവർത്തിക്കുന്നവർക്കിടയിൽ, ഏറെയുണ്ടായിരിക്കയില്ല. അതിവിപുലമായ അദ്ദേഹത്തിന്റെ സുഹൃദ്‌വലയത്തിന്റെ ശൂന്യതാബോധം അടുത്തൊന്നും നീങ്ങുകയുമില്ല. പക്ഷേ, ഈ സമയത്ത് എന്റെ ചിന്ത മുഴുവൻ എല്ലാ അർത്ഥത്തിലും അദ്ദേഹത്തിന്റെ ജീവിതപങ്കാളിയായിരുന്ന ശ്രീമതി മീനാക്ഷിയമ്മയെക്കുറിച്ചാണ്. അഗാധമായ ഈശ്വരഭക്തികൊണ്ട് അനുഗൃഹീതയാണവർ. ഈ ദുഃഖം താങ്ങാനുള്ള കരുത്ത് ഭക്തിയിൽനിന്ന് അവർ സംഭരിക്കുമാറാകട്ടെ.

(4 ജനവരി, 1984)

## 121. ഷോളഖോവ്

റഷ്യൻ ജനതയുടെ ജീവിതത്തിലെ ഒരു ഐതിഹാസികകാലഘട്ടത്തെ ചിത്രീകരിക്കുന്നതിൽ പ്രദർശിപ്പിച്ച കലാപരമായ കരുത്തിനും സത്യസന്ധതയ്ക്കുമായി 1965—ൽ സാഹിത്യത്തിനുള്ള നോബൽസമ്മാനം കൊണ്ടു ബഹുമാനിതനായ മിഖായിൽ അലെക്സാൻഡ്രോവിച്ച് ഷോളഖോവ് ഇക്കഴിഞ്ഞ ഫെബ്രുവരി 20—ാം തീയതി നിര്യാതനായി. മരിക്കുമ്പോൾ അദ്ദേഹത്തിന് എഴുപത്തൊമ്പതു വയസ്സായിരുന്നു.

സോഷ്യലിസ്റ്റ് വിപ്ലവം നടക്കുന്നതിനുമുമ്പുള്ള റഷ്യ ലോക നോവൽസാഹിത്യത്തിനു നൽകിയ സംഭാവന ആരിലും അത്ഭുതാദരങ്ങളുണർത്തുന്നതാണ്. പ്രത്യേകിച്ചും, 'യുദ്ധവും സമാധാനവും', 'അന്നാ കരേനീന', 'ഉയിർത്തെഴുന്നേല്പ്' എന്നീ നോവലുകളുടെ കർത്താവെന്ന നിലയിൽ ലിയോ ടോൾസ്റ്റോയിയും 'കുററവും ശിക്ഷയും', 'കാരമസോവ് സഹോദരന്മാർ' എന്നീ നോവലുകളുടെ കർത്താവെന്ന നിലയിൽ ദസ്തയേവ്സ്കിയും സാഹിത്യപ്രണയികളുടെ ആരാധന എക്കാലത്തും അർഹിക്കും. സോഷ്യലിസ്റ്റ് വിപ്ളവകാലഘട്ടത്തെ സ്വന്തം തൂലികാവിലാസംകൊണ്ടു ധന്യമാക്കിയ മാക്സിം ഗോർക്കിയും, മഹാനായ ഒരു മാനവതാവാദിയെന്ന നിലയിൽ, സഹൃദയഹൃദയങ്ങളിൽ ശാശ്വത പ്രതിഷ്ഠ നേടിയിരിക്കുന്നു.

'സോവിയററ്കമ്യൂണിസമെന്ന പുതിയ നാഗരികത' നടപ്പിലായതിനുശേഷം എന്തുകൊണ്ട് റഷ്യയിൽ, മുകളിൽ പറഞ്ഞവരോട് സമശീർഷന്മാരല്ലെങ്കിൽക്കൂടി, അവരുടെ തൊട്ടുതാഴെക്കിടയിൽ നില്ക്കുന്നവരെങ്കിലുമായ സാഹിത്യകാരന്മാർ ഉണ്ടായില്ല എന്ന ചോദ്യം പലവിധത്തിൽ ആവർത്തിക്കപ്പെട്ടിട്ടുണ്ട്. വിപ്ളവത്തെത്തുടർന്ന്, ലബ്ധപ്രതി